# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 09<br>JULY 09 | 2018 |
| --- | --- |

***1193 മിഥുനം 25 തിങ്കൾ***

# പത്രക്കുറിപ്പ്

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ക്യാഷ് അവാർഡ്**

എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ1,എ പ്ലസ് നേടിയ വിമുക്തഭടന്മാരുടെ മക്കൾക്ക് സൈനിക ക്ഷേമ വകുപ്പിൽ നിന്നും നൽകുന്ന ക്യാഷ് അവാർഡിന് അപേക്ഷിക്കാം. അപേക്ഷാഫോറം ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ ലഭിക്കും. അപേക്ഷയും അനുബന്ധ രേഖകളും ആഗസ്റ്റ് 10ന് മുമ്പ് ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ ലഭിക്കണം. ഫോൺ: 0468 2222104.

(പിഎൻപി 1831/18)

**ഡിഇഎൽഇഡി : ഇന്റർവ്യൂ ഇന്ന് (10ന്)**

ജില്ലയിൽ ഡിഇഎൽഇഡി പ്രവേശനത്തിന് അപേക്ഷിച്ചവരിൽ അർഹരായവരുടെ മെറിറ്റ് ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഇന്ന് (10) രാവിലെ 10ന് തിരുവല്ലയിലുള്ള വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ കൂടിക്കാഴ്ച നടത്തും. (പിഎൻപി 1832/18)

**ആട് വളർത്തൽ പദ്ധതി**

അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് 2018-19 പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന വാണിജ്യാടിസ്ഥാനത്തിലെ ആടുവളർത്തൽ യൂണിറ്റ് പദ്ധതിയിലേക്ക് അർഹരായ കർഷകർക്ക് അപേക്ഷിക്കാം. വാണിജ്യാടിസ്ഥാനത്തിലെ ആടുവളർത്തൽ പരിശീലനത്തിൽ പങ്കെടുത്തിട്ടുള്ളതും കർഷക രജിസ്ട്രേഷനുള്ളതുമായ

കർഷകർക്ക് മുൻഗണന. കൂടുതൽ വിവരവും അപേക്ഷാഫോറവും മൃഗസംരക്ഷണ സ്ഥാപനങ്ങളിൽ ലഭിക്കും. അപേക്ഷ ഈ മാസം 25ന് മുമ്പ് അതത് പഞ്ചായത്തിലെ വെറ്ററിനറി സർജന് നൽകണം. (പിഎൻപി 1833/18)

## പിന്നാക്ക വിഭാഗവികസന കോർപ്പറേഷൻ 36.49 കോടി രൂപയുടെ വായ്പ നൽകി

സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 36.49 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തു. വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് 326 ഗുണഭോക്താക്കൾക്ക് 3.15 കോടി രൂപയും 23 കുടുംബശ്രീ സിഡിഎസുകൾക്ക് മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതിയിൻകീഴിൽ 5.35 കോടി രൂപയും വിവാഹ വായ്പയായി 162 ഗുണഭോക്താക്കൾക്ക് 2.55 കോടി രൂപയും സ്വയംതൊഴിൽ സംരംഭങ്ങൾക്കായി 796 പേർക്ക് 8.79 കോടി രൂപയും മറ്റ് വിവിധതരം വായ്പകളായി 651 ഗുണഭോക്താക്കൾക്ക് 16.62 കോടി രൂപയുമാണ് വായ്പ അനുവദിച്ചത്. ആകെ 1958 ഗുണഭോക്താക്കൾക്കാണ് വായ്പ നൽകിയത്.

ദാരിദ്ര്യത്തിൽ നിന്നും പിന്നാക്കാവസ്ഥയിൽ നിന്നും പട്ടികജാതി, പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവരെ ഉയർത്തുന്നതിനാണ് 1995ൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷൻ രൂപീകരിച്ചത്. 2001 മുതൽ പത്തനംതിട്ടയിൽ പ്രവർത്തനം ആരംഭിച്ച കോർപ്പറേഷൻ ജില്ലാ ഓഫീസ് ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ദേശീയ പിന്നാക്ക വിഭാഗധനകാര്യ കോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും സഹായത്തോടെയും തനനുഫണ്ട് ഉപയോഗിച്ചും ജനക്ഷേമകരമായ വിവിധ വായ്പകൾ മിതമായ പലിശ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുവെന്നതാണ് കോർപ്പറേഷന്റെ പ്രത്യേകത. സ്വയം തൊഴിൽ വായ്പ, പെൺകുട്ടികളുടെ വിവാഹനത്തിനു ള്ള വായ്പ, വിദ്യാഭ്യാസ, വീട് പുനരദ്ധാരണ, വ്യക്തിഗത വായ്പ, ഭവന രഹിതർക്കുള്ള എന്റെ വീട് വായ്പ, പ്രവാസികൾക്ക് സംരംഭം തുടങ്ങുന്നതിനുള്ള റിട്ടേൺ വായ്പ, പ്രൊഫഷണൽ യോഗ്യത നേടിയ ചെറുപ്പക്കാർക്കുള്ള സ്റ്റാർട്ട്അപ് വായ്പ തുടങ്ങിയവയാണ് കോർപ്പറേഷൻ നൽകിവരുന്ന പ്രധാന വായ്പകൾ. പത്തനംതിട്ട സന്തോഷ് ജംഗ്ഷന് സമീപമാണ് കോർപ്പറേഷന്റെ ജില്ലാ ഓഫീസ് പ്രവർത്തിക്കുന്നത്. ഫോൺ: 0468 2262111. (പിഎൻപി 1834/18)

## പട്ടികജാതി വികസന വകുപ്പ് രണ്ട് വർഷം വിതരണം ചെയ്തത് 82.7 കോടി രൂപ

ജില്ലയിൽ പട്ടികജാതി വികസന വകുപ്പ് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചത് 82.7 കോടി രൂപ. വിദ്യാഭ്യാസ പരിപാടികൾ, സാമ്പത്തിക വികസന പരിപാടികൾ, സാമൂഹ്യക്ഷേമ പരിപാടികൾ, സാംസ്കാരിക പരിപാടികൾ, നിയമാധിഷ്ഠിത സേവനങ്ങൾ എന്നിവയ്ക്കാണ് തുക ചെലവഴിച്ചത്.

### വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ പ്രീമെട്രിക് വിദ്യാഭ്യാസ സഹായം, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, അയ്യങ്കാളി ടാലന്റ് സേർച്ച് സ്കോളർഷിപ്പ്, പഠനമുറി നിർമാണം, റാങ്ക് ജേതാക്കൾക്ക് സ്വർണമെഡൽ, ഭാരതസർക്കാർ സ്കോളർഷിപ്പ്, പാരലൽകോളേജ് പഠനത്തിനുള്ള ധനസഹായം എന്നീ വിഭാഗങ്ങളിലാണ് തുക ചെലവഴിച്ചത്. പ്രൈമറി എഡ്യുക്കേഷൻ എയ്ഡായി ഒന്ന് മുതൽ നാല് വരെ ക്ലാസുകളിൽ പഠിക്കുന്ന 1528 കുട്ടികൾക്ക് 2016-17 വർഷം 1.26 കോടി രൂപയും 2017-18 വർഷം 1715 കുട്ടികൾക്ക് 1.34 കോടി രൂപയും

ധനസഹായം അനുവദിച്ചു. സെക്കൻഡറി എഡ്യുക്കേഷൻ എയ്ഡായി അഞ്ച് മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന 8328 കുട്ടികൾക്ക് 2017-18 വർഷം 1.66 കോടി രൂപ ധനസഹായം അനുവദിച്ചു.

ലംപ്സംഗ്രാന്റായി 19868 കുട്ടികൾക്ക് 2016-17 വർഷം 1.27 കോടി രൂപയും 2017-18 വർഷം 19814 കുട്ടികൾക്ക് 1.27 കോടി രൂപയും അനുവദിച്ചു. സ്റ്റൈപ്പന്റ് ഇനത്തിൽ 2016-17 വർഷം 30 കുട്ടികൾക്ക് 49200 രൂപയും 2017-18 വർഷം 40 കുട്ടികൾക്ക് 63800 രൂപയും അനുവദിച്ചു. അയ്യങ്കാളി ടാലന്റ് സേർച്ച് സ്കോളർഷിപ്പ് പദ്ധതിയിൻ കീഴിൽ നാല്, ഏഴ് ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർഥികൾക്ക് പത്താം ക്ലാസ് വരെ പ്രതിവർഷം 4500 രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയിൻകീഴിൽ 2016-17 വർഷം 388 കുട്ടികൾക്ക് 17.65 ലക്ഷം രൂപയും 2017-18 വർഷം 383 കുട്ടികൾക്ക് 17.43 ലക്ഷം രൂപയും സ്കോളർഷിപ്പ് നൽകി.

പട്ടികജാതി വിദ്യാർഥികൾക്കായി പഠനമുറി നിർമിക്കുന്നതിന് 2017-18 വർഷം വകുപ്പ് പുതിയ പദ്ധതി ജില്ലയിൽ ആരംഭിച്ചിരുന്നു. 425 പഠനമുറികൾ നിർമിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 395 അപേക്ഷകൾ ലഭിച്ചതിൽ എല്ലാവർക്കും പഠനമുറികൾ അനുവദിച്ചു. ഈ ഇനത്തിൽ 3.59 കോടി രൂപ 2017-18 വർഷം ചെലവഴിച്ചു. മെഡിക്കൽ, എൻജിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്കുകൾ നേടുന്ന പട്ടികജാതി വിദ്യാർഥികൾക്ക് ഒരു പവൻ സ്വർണനാണയം സമ്മാനമായി നൽകുന്നു. പ്ലസ്ടു, എസ്എസ്എൽസി പരീക്ഷകളിൽ എ പ്ലസ് നേടുന്ന വിദ്യാർഥികൾക്ക് അര പവന്റെ സ്വർണനാണയം നൽകി അനുമോദിക്കുന്നു.

ഇ-ഗ്രാന്റ്സിന് അർഹതയില്ലാത്ത പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിന് അകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന 250000 രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് ഗവൺമെന്റ് ഓഫ് ഇൻഡ്യ സ്കോളർഷിപ്പും അനുവദിക്കുന്നുണ്ട്. സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്ടു, ഡിഗ്രി, പി.ജി കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിദ്യാർഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നുണ്ട്.

**സാമ്പത്തിക വികസന പദ്ധതികൾ**

സാമ്പത്തിക വികസനത്തിനായി സ്വയംതൊഴിൽ പദ്ധതികളിൻ കീഴിൽ 2016-17 വർഷം 24 ഗുണഭോക്താക്കൾക്ക് 15.54 ലക്ഷം രൂപയും 2017-18 വർഷം ഏഴ് ഗുണഭോക്താക്കൾക്ക് 4.35 ലക്ഷം രൂപയും അനുവദിച്ചു. വക്കീലന്മാർക്ക് ധനസഹായമായി 2016-17 വർഷം 42000 രൂപയും 2017-18 വർഷം 33000 രൂപയും അനുവദിച്ചു.

**സാമൂഹ്യക്ഷേമ പരിപാടികൾ**

വിവാഹ ധനസഹായ പദ്ധതിയിൻ കീഴിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75000 രൂപ വിവാഹ ധനസഹായം അനുവദിക്കുന്നുണ്ട്. 2016-17 വർഷം 542 ഗുണഭോക്താക്കൾക്ക് 2.71 കോടി രൂപയും 2017-18 വർഷം 410 ഗുണഭോക്താക്കൾക്ക് 2.66 കോടി രൂപയും വിവാഹ ധനസഹായം അനുവദിച്ചു. മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 75000 രൂപ വരെ ഗ്രാന്റായി അനുവദിക്കുന്നു. 2016-17 വർഷം 35 ഗുണഭോക്താക്കൾക്ക് 17.5 ലക്ഷം രൂപയും 2017-18 വർഷം 54 ഗുണഭോക്താക്കൾക്ക് 31.60 ലക്ഷം രൂപയും അനുവദിച്ചു. ഭവനിർമാണ ധനസഹായ പദ്ധതിയിൻകീഴിൽ 2017-18 സാമ്പത്തിക വർഷം മുതൽ നാല് ലക്ഷം രൂപയാണ് സഹായധനമായി അനുവദിക്കുന്നത്. 2017-18 വർഷം 497 ഗുണഭോക്താക്കൾക്ക് 26.22 കോടി രൂപ ഭവനനിമാണ ധനസഹായം അനുവദിച്ചു. മെഴുവേലി പഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരുടെ നിർമാണം പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിനായി 2017-18

വർഷം 46.66 ലക്ഷം രൂപ അനുവദിക്കുകയും 26.20 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന നായാടി, വേടൻ, വേട്ടുവൻ വിഭാഗങ്ങളിലെ 12 പേർക്ക് വീട് പൂർത്തിയാക്കുന്നതിനും ഒരാൾക്ക് പുതിയ വീട് നിർമിക്കുന്നതിനുമായി 16.32 ലക്ഷം രൂപ അനുവദിച്ചു.

വിദേശത്ത് തൊഴിൽ നേടുന്നതിന് 2016-17 വർഷം 85 പേർക്ക് 27.50 ലക്ഷം രൂപയും 2017-18 വർഷം 73 പേർക്ക് 56.50 ലക്ഷം രൂപയും ധനസഹായം അനുവദിച്ചു. പട്ടികജാതി യുവതീയുവാക്കളുടെ ഉന്നമനം ലക്ഷ്യമാക്കി മത്സരപരീക്ഷകളിൽ അവരെ സഹായിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ളവയാണ് വിജ്ഞാനവാടികൾ. ഇവയുടെ പ്രവ ർത്തനത്തിനായി 2017-18 വർഷം 2.73 ലക്ഷം രൂപ ചെലവഴിച്ചു. പട്ടികജാതി വിഭാഗത്തി ൽപ്പെടുന്ന പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി ഒരു ലക്ഷം രൂപ വരെ വരുമാനമു ള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017-18 വർഷം 145 അപേക്ഷകൾ ഇതിനായി ലഭ്യമായിട്ടുണ്ട്.

**നിയമാധിഷ്ഠിത സേവനങ്ങൾ**

പട്ടികജാതിക്കാർക്കെതിരായ അതിക്രമം തടയൽ നിയമപ്രകാരം 2016-17 വർഷം 22 പേർക്ക് 16 ലക്ഷം രൂപയും 2017-18 വർഷം 26 പേർക്ക് 23.52 ലക്ഷം രൂപയും നഷ്ടപരിഹാരം അനുവദിച്ചുനൽകി. (പി എൻപി 1835/18)

## അനധികൃത മുൻഗണനാ റേഷൻ കാർഡുകൾ 31ന് മുമ്പ് സറണ്ടർ ചെയ്യണം

കോഴഞ്ചേരി താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ അനധികൃത മുൻഗണനാ റേഷൻ കാർഡുകൾ (ബിപിഎൽ/എഎവൈ) കൈവശം വച്ചിരിക്കുന്നവർ ഈ മാസം 31ന് മുമ്പ് സറണ്ടർ ചെയ്ത് പൊതുവിഭാഗത്തിലേക്ക് മാറ്റി പുതിയ കാർഡുകൾ വാങ്ങണമെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. സ്വന്തമായി 1000 ചതുരശ്ര അടി വിസ്തീർണമുള്ള വീട്, നാലുചക്ര വാഹനം, ഒരേക്കർ ഭൂമി, വിദേശജോലി, സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലി, പെൻഷൻ വാങ്ങുന്നവർ, മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ളവർ തുടങ്ങിയവരിൽ പലരും താലൂക്കിൽ മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നതായ പരാതികളുടെ അടിസ്ഥാനത്തിലാണ് കാർഡുകൾ സറണ്ടർ ചെയ്യാൻ നിർദേശം നൽകിയിട്ടുള്ളത്. അനർഹർ ജൂലൈ 31നകം സ്വമേധയാ കാർഡുകൾ മാറ്റി വാങ്ങാതിരുന്നാൽ നിയമപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുമെന്നും താലൂക്ക് സപ്ലൈഓഫീസർ അറിയിച്ചു. മുൻഗണനാ കാർഡിന് അർഹതയുള്ള പലർക്കും ഇത്തരം കാർഡ് ലഭിക്കാത്ത സാഹചര്യത്തിൽ അർഹതയില്ലാത്തവർ ഇത്തരം കാർഡ് കൈവശം വയ്ക്കുന്നത് അതീവ ഗൗരവമുള്ള കുറ്റമായി കാണും.

(പിഎൻപി 1836/18)

## പെറ്റി കേസ് തീർപ്പാക്കൽ

വാഹന പരിശോധനയുമായി ബന്ധപ്പെട്ട് മോട്ടോർവാഹന വകുപ്പ് തയാറാക്കിയിട്ടു ള്ള ചെക്ക് റിപ്പോർട്ട് പ്രകാരമുള്ള പെറ്റികേസുകൾ ഈ മാസം 14ന് ലീഗൽ സർവീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന ലോക്അദാലത്തിൽ തീർപ്പാക്കും. പത്തനംതിട്ട ജില്ലാ കോടതിയിൽ 14ന് രാവിലെ 10 മുതൽ നടക്കുന്ന അദാലത്തിൽ ചെക്ക് റിപ്പോർട്ട് ലഭിച്ച എല്ലാവരും ഹാജരാകണമെന്ന് ആർടിഒ അറിയിച്ചു.

(പിഎൻപി 1837/18)

## ഉപഭോക്തൃതർക്കപരിഹാര ഫോറത്തിൽ അംഗത്തിന്റെ ഒഴിവ്

കണ്ണൂർ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ഒഴിവ് വരുന്ന രണ്ട് മുഴുവൻ സമയ അംഗങ്ങളുടെ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു ഒഴിവ് വനിതാ

അംഗത്തിന്റേതാണ്. സര്‍വകലാശാല ബിരുദമുള്ള 35ന് മേല്‍ പ്രായമുള്ളവരായിരിക്കണം അപേക്ഷകര്‍. ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗണ്ടന്‍സി, വ്യവസായം, പൊതുകാര്യങ്ങള്‍, ഭരണനിര്‍വഹണം എന്നിവയില്‍ 10 വര്‍ഷത്തില്‍ കുറയാത്ത പ്രവൃത്തിപരിചയമുള്ളവരായിരിക്കണം അപേക്ഷകര്‍. നിയമന കാലാവധി അഞ്ച് വര്‍ഷമോ അല്ലെങ്കില്‍ 65 വയസ് വരെയോ ആയിരിക്കും. അപേക്ഷാഫോറത്തിന്റെ മാതൃക കളക്ടറേറ്റിലും ജില്ലാ സപ്ലൈ ഓഫീസിലും ജില്ലാ ഉപഭോക്തൃതര്‍ക്കപരിഹാര ഫോറത്തിലും www.consumeraffairs.kerala.gov.in എന്ന സൈറ്റിലും ലഭ്യമാണ്. ബയോഡേറ്റ സഹിതമുള്ള അപേക്ഷകള്‍ ഈ മാസം 20ന് മുമ്പ് ജില്ലാ കളക്ടര്‍ക്ക് നല്‍കണം. കളക്ടര്‍മാരില്‍ നിന്നും ലഭിക്കുന്ന അപേക്ഷകളില്‍ നിന്ന് ചുരുക്കപ്പട്ടിക തയാറാക്കിയാണ് അംഗങ്ങളെ നിയമിക്കുക.

(പിഎന്‍പി 1838/18)

## തൊഴിലധിഷ്ഠിത കോഴ്സുകള്‍

അടൂര്‍ കെല്‍ട്രോണ്‍ നോളജ് സെന്ററില്‍ ഡിപ്ലോമ ഇന്‍ കംപ്യൂട്ടര്‍ ഹാര്‍ഡ് വെയര്‍ ആന്‍ഡ് നെറ്റ്‌വര്‍ക്ക് മെയിന്റനന്‍സ് വിത്ത് ലാപ്ടോപ്പ് ടെക്നോളജീസ്, അഡ്വാന്‍സ്ഡ് വെബ് ഡിസൈന്‍ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 10. ഫോണ്‍: 04734 229998, 9526229998.

(പിഎന്‍പി 1839/18)

## നേത്രപരിശോധന ക്യാമ്പ്

സംസ്ഥാന മോട്ടോര്‍ തൊഴിലാളി ക്ഷേമനിധി ബോര്‍ഡ് ജില്ലാ ഓഫീസിന്റെ നേതൃത്വത്തില്‍ തൊഴിലാളികള്‍ക്കും കുടുംബാംഗങ്ങള്‍ക്കും പെന്‍ഷന്‍ വാങ്ങുന്ന അംഗങ്ങള്‍ക്കും ഈ മാസം 13ന് രാവിലെ ഒമ്പത് മുതല്‍ നേത്രപരിശോധനാ ക്യാമ്പ് നടത്തും. രജിസ്ട്രേഷന്‍ ആരംഭിച്ചു. ഫോണ്‍: 0468 2320158.

(പിഎന്‍പി 1840/18)




(അവസാനിച്ചു)

ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ജൂലൈ 09<br>**JULY 09** | **2018** |

*1193 മിഥുനം 25 തിങ്കൾ*

# പത്രക്കുറിപ്പ്-2



www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


**അടൂരിൽ ഔഷധ സസ്യ പാർക്കൊരുങ്ങുന്നു**

ഔഷധ സസ്യപാർക്കുമായി അടൂർ നഗരസഭ ജൈവവൈവിധ്യപരിപാലന സമിതി. അടൂർ പൊലീസ് സ്റ്റേഷന് സമീപവും ബൈപാസിലുമാണ് ഔഷധസസ്യങ്ങൾ നട്ട്പരിപാലിക്കാൻ നഗരസഭ പദ്ധതിയിടുന്നത്. വംശനാശഭീഷണിയുള്ള അപൂർവയിനം ഔഷധസസ്യങ്ങളും, വനവൃക്ഷങ്ങളും സംരക്ഷിക്കുകയാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. അതിനൊപ്പം ദശപുഷ്പങ്ങൾ, ത്രിഫല , തൃകടു , നക്ഷത്രവൃക്ഷങ്ങൾ , നാൽപാമരം തുടങ്ങി വൈവിധ്യമാർന്ന ഔഷധസസ്യങ്ങളും വൃക്ഷങ്ങളുമായിരിക്കും പാർക്കിലുണ്ടാവുക. കേരളം ഔഷധസസ്യങ്ങളുടെ ഒരു കലവറയാണ്. കേരളത്തിലെ വനപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും പാതയോരങ്ങളിലും വീട്ടുവളപ്പുകളിലും ധാരാളം ഔഷധസസ്യങ്ങളുണ്ടായിരുന്നു. സ്വഭാവിക വാസസ്ഥലങ്ങളുടെ നാശവും ഔഷധസസ്യങ്ങളുടെ ആശാസ്ത്രീയമായ ശേഖരണവും നഗരവത്ക്കരണവും മൂലം ഇവയിൽ പലതും അപ്രത്യക്ഷമായി. ഈ പ്രതിസന്ധിക്ക് പരിഹാരം കാണുകയാണ് പദ്ധതിയിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്.

പാർക്കിന് പുറമേ, സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും പദ്ധതിയിലുണ്ട്. പുതുതലമുറയ്ക്ക് അന്യം നിന്ന് പോകുന്ന ഔഷധസ്യങ്ങളെ പരിചയപ്പെടുത്തുകയും അതിന്റെ ഗുണഫലങ്ങൾ മനസിലാക്കി കൊടുക്കുകയും ചെയ്യും. അഞ്ച് ലക്ഷം രൂപയാണ് ഇതിനായി നഗരസഭ വകയിരുത്തിയത്.

കൂടാതെ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 5000 ഫലവൃക്ഷത്തൈകൾ നട്ട് പരിപാലിക്കും. അതിനായുള്ള വൃക്ഷത്തൈ വിതരണം നഗരസഭാ ചെയർപേഴ്സൺ ഷൈനി ജോസ് ഉദ്ഘാട

നം ചെയ്തു. സാമൂഹിക വനവത്ക്കരണ വിഭാഗത്തിൽ നിന്ന് നഗരസഭാ ബി.എം.സിക്ക് ലഭിച്ച തൈകൾ കുടുംബശ്രീ സി.ഡി.എസ് പ്രവർത്തകർക്കാണ് വിതരണം ചെയ്തത്. തൈ നടുന്നതിനൊടൊപ്പം ഔഷധസസ്യങ്ങളുടെ പരിപാലനത്തിന്റെ ഉത്തരവാദിത്വവും കുടുംബശ്രീ പ്രവർത്തകർക്കാണ്. നഗരസഭാപരിധിയിലെ കുടുംബശ്രീയൂണിറ്റുകൾ വഴി ഫലവൃക്ഷത്തൈ നട്ട് പരിപാലിക്കാനുള്ള തീരുമാനം കൈക്കൊണ്ടതിനാൽ പരിപാലനം കാര്യക്ഷമമായ രീതിയിലാക്കാനുള്ള തയ്യാറെടുപ്പിലാണ് കുടുംബശ്രീ അംഗങ്ങൾ.

(പിഎൻപി 1841/18)

## ജിയോ ടാഗിംഗ് :വിവരശേഖരണം പൂർത്തിയായതായി മൃഗസംരക്ഷണവകുപ്പ്

കന്നുകാലികൾക്ക് ഡിജിറ്റൽ തിരിച്ചറിയൽ രേഖകൾ നൽകുന്നതിനുള്ള വിവരശേഖരണം ജില്ലയിൽ 90% പൂർത്തിയായി. ജില്ലയിലെ പശുക്കൾക്ക് ജിയോ ടാഗിംഗ് എന്ന സംവിധാനമുപയോഗിച്ചാണ് തിരിച്ചറയിൽ രേഖകൾ നൽകുക. സംസ്ഥാനത്ത് ആദ്യമായി പദ്ധതി നടപ്പാക്കുന്നത് പത്തനംതിട്ട ജില്ലയിലാണ്. ഇതിലൂടെ പ്ലാസ്റ്റിക് കാർഡ് ഒഴിവാക്കി പശുക്കളിൽ തിരിച്ചറിയൽ രേഖകൾക്കായി മൈക്രോ ചിപ്പ് ഘടിപ്പിക്കുകയാണ്. പദ്ധതിക്കായി ആറുമാസം മുൻപേ മുന്നൊരുക്കങ്ങൾ തുടങ്ങിയിരുന്നു. ആനിക്കാട് പഞ്ചായത്തിലെ 700 പശുക്കളിലാണ് ആദ്യഘട്ടത്തിൽ മൈക്രോചിപ്പ് ഘടിപ്പിക്കുന്നത്. 1.9 ലക്ഷം രൂപ ചിലവിലാണ് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കുന്നത്. ജിയോ ടാഗിംഗ് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് ചിപ്പ് ഘടിപ്പിക്കുന്നതിനുള്ള കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ഓരോ പശുവിനും പ്രത്യേക നമ്പർ രേഖപ്പെടുത്തിയ ചിപ്പ് ഘടിപ്പിക്കും. ഇത് പശുക്കളിൽ ജീവിതകാലം മുഴുവൻ പാർശ്വഫലമില്ലാതെ സ്ഥാപിക്കാൻ സാധിക്കും. ജി.പി.എസ് സംവിധാനവുമായി ഇത് ബന്ധിപ്പിച്ച് പശുക്കളുടെ സമ്പൂർണ വിവരശേഖരണവും തിരിച്ചറിയലും ഇതിലൂടെ കഴിയുമെന്നതാണ് മേന്മ. കാലികളേയും, കർഷകരേയും, സ്ഥലത്തെയും കുറിച്ച് പെട്ടെന്ന് അറിയാനും അടിയന്തര ഘട്ടങ്ങളിൽ സഹായം എത്തിക്കാനുമുള്ള സംവിധാനവും ഇതിലുണ്ട്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ വീടുകൾ സന്ദർശിച്ച് കർഷകരുടേയും കാലികളുടേയും ഫോട്ടോയെടുക്കും. ഈ വിവരങ്ങൾ കംപ്യൂട്ടറിൽ സൂക്ഷിക്കുന്നു. തുടർന്ന് സ്ഥലത്തിന്റെ കൃത്യമായ രേഖാചിത്രമുണ്ടാക്കി ഉപഗ്രഹ സഹായത്തോടെ കംപ്യൂട്ടറിൽ സൂക്ഷിക്കുന്നു. ഇതാണ് ജിയോ ടാഗിംഗ് പദ്ധതി. കൂടാതെ കന്നുകാലികളിൽ പകർച്ചവ്യാധികളുണ്ടായാൽ കൃത്യമായ സ്ഥലം കണ്ടെത്താൻ ഇത് സഹായിക്കുന്നു. തുടർന്ന് പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതെ സ്ഥിതി നിയന്ത്രണവിധേയമാക്കാനും ജിയോ ടാഗിംഗ് സഹായകമാകും. ജില്ലാ പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി മിതമായ വിലയ്ക്ക് മരുന്ന് കർഷകർക്ക് ലഭ്യമാക്കും. ഇതിനായി ജില്ലാ മൃഗസംരക്ഷണ കേന്ദ്രത്തിനോട് അനുബന്ധിച്ച് പത്ത് ലക്ഷം രൂപ ചിലവിൽ വെറ്ററിനറി മെഡിക്കൽ സ്റ്റോറിനായിട്ടുള്ള നടപടികളും നടന്ന് വരികയാണെന്ന് ജില്ലാമൃഗസംരക്ഷണ വകുപ്പ് അധികൃതർ അറിയിച്ചു.

(പിഎൻപി 1842/18)

## വിവരങ്ങളെല്ലാം വിരൽത്തുമ്പിലാക്കാൻ നിരണം പഞ്ചായത്ത്

ഒരൊറ്റ ക്ലിക്കിൽ ഒരു പഞ്ചായത്തിലെ മുഴുവൻ വിവരങ്ങളും ലഭിക്കുന്നതൊന്ന് ഓർത്ത് നോക്കു..! എത്ര നന്നായിരുന്നു അല്ലേ.. എങ്കിൽ ഇനി അങ്ങനെയാണ്. വിവരങ്ങളൊക്കെ വിരൽത്തുമ്പിലാക്കാൻ ഗ്രാമീണ പഠന കേന്ദ്രവുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലുമായി നടത്തി വരുന്ന പദ്ധതിയാണ് ജിയോ ഇൻഫോർമാറ്റിക്സ് സിസ്റ്റം. ഇതിനോടകം സംസ്ഥാനത്തെ ഒൻപത് പഞ്ചായത്തുകളിലാണ് പദ്ധതിക്ക് തുടക്കമായത്. ജില്ലയിലെ നാറാണംമൂഴി പഞ്ചായത്തിൽ ജിയോ ഇൻഫോർമാറ്റിക്സ് സംവിധാനം പൂർണമായി നടപ്പായി കഴിഞ്ഞു. റാന്നിയിൽ പദ്ധതി ഏകദേശം പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്.

ഇപ്പോൾ നിരണം പഞ്ചായത്തിലും ജിയോ ഇൻഫോർമാറ്റിക്സ് സംവിധാനം ആരംഭിച്ച് കഴിഞ്ഞു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ പഞ്ചായത്തിലെ മുഴുവൻ രേഖകളും ശേഖരിക്കും. വിവര ശേഖരണത്തിനായി ഒരു വാർഡിൽ നിന്ന് പ്ലസ് ടു വിദ്യാഭ്യാസയോഗ്യതയുള്ള രണ്ട് പേരെ വീതം തിരഞ്ഞെടുത്ത്പരിശീലനം നൽകി. ഇവരായിരിക്കും വിവരങ്ങൾ ശേഖരിക്കുക. ഇങ്ങനെ ശേഖരിക്കുന്ന വിവരങ്ങൾ തത്സമയം രേഖപ്പെടുത്തുന്നതിന് ഇവർക്ക് ലാപ്ടോപ്പും വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ റോഡ്, തോട്, ഭൂപ്രകൃതി, ജനസംഖ്യ, രോഗികളുടെ വിവരങ്ങൾ എന്ന് വേണ്ട ഒരു പഞ്ചായത്തിനെ സംബന്ധിക്കുന്ന ഏറ്റവും ചെറിയ കാര്യം പോലും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും. പഞ്ചായത്തിലെ ജനസംഖ്യ കുടുംബാടിസ്ഥാനത്തിലാകും രേഖപ്പെടുത്തുക. ഇതിലൂടെ ജനക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കാനും അത് നടപ്പിലാക്കാനും അധികൃതർക്ക് വേഗത്തിൽ സാധിക്കും.
പഞ്ചായത്തിലെ ഭൂമിയെ ഇനം തിരിച്ച് അറിയാനും, കൃഷിരീതികൾ ആസൂത്രണം ചെയ്യാനും പദ്ധതി പൂർത്തിയാകുന്നതോടെ കഴിയുമെന്നതാണ് ഏറ്റവും വലിയ നേട്ടം. പഞ്ചായത്തിലെ ജലസ്രോതസുകൾ, വരൾച്ചാബാധിത പ്രദേശങ്ങൾ, ജലസേചനമാർഗങ്ങൾ എന്നിവയുടെ കൃത്യമായ രൂപം ഇതിലൂടെ തയ്യാറാക്കും. മാത്രമല്ല, പദ്ധതി പൂർത്തിയായതിന് ശേഷവും സമയബന്ധിതമായി വിവരങ്ങൾ പുതുക്കേണ്ടത് അത്യാവശ്യമാണ്. ആറ് ലക്ഷം രൂപയാണ് പഞ്ചായത്ത് ഈ പദ്ധതിക്ക് വേണ്ടി നീക്കി വച്ചിരിക്കുന്നത്. പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഈ വിവരശേഖരണത്തിലൂടെ സാധിക്കുമെന്ന് നിരണം പഞ്ചായത്ത് പ്രസിഡന്റ് ലത പ്രസാദ് പറഞ്ഞു. (പിഎൻപി 1843/18)

## പാൽ ഗുണമേന്മ ബോധവത്ക്കരണ പരിപാടി നടത്തി

ക്ഷീരവികസനവകുപ്പിന്റേയും കോഴഞ്ചേരി ക്ഷീരോൽപാദക സഹകരണസംഘത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ കോഴഞ്ചേരി ക്ഷീരോൽപാദക സഹകരണസംഘത്തിൽ പാൽ ഗുണമേന്മ ബോധവൽക്കരണ പരിപാടി നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാംമോഹൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെംബർ ജെറി മാത്യു സാം അധ്യക്ഷത വഹിച്ചു. ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സിൽവി മാത്യു മുഖ്യപ്രഭാഷണം നടത്തി. കർഷകർക്കായി നടത്തിയ ബോധവത്ക്കരണക്ലാസിൽ ക്ഷീരവികസനവകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.ടി. ഉഷാകുമാരി ശുദ്ധമായ പാലുൽപാദനവും ഭക്ഷ്യസുരക്ഷയും എന്ന വിഷയത്തിലും ക്വാളിറ്റി സീനിയർ ഡയറി എക്സ്റ്റൻഷൻ ഓഫീസർ സൂസൻ ഗിൽബർട്ട് പാൽവില നിർണയം എന്നീ വിഷയത്തിലും ക്ലാസുകൾ എടുത്തു. വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ലതാ ചെറിയാൻ, കോഴഞ്ചേരി ക്ഷീരോൽപാദകസഹകരണസംഘം പ്രസിഡന്റ് കെ.എ ജേക്കബ്, സുനിതാ ബീഗം തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1844/18)

## കൃഷിയിടങ്ങളെ സംരക്ഷിക്കാൻ പറക്കോട് പഞ്ചായത്തിന്റെ പുതിയ പദ്ധതി

കാട്ടുമൃഗങ്ങളിൽ നിന്ന് കൃഷിയിടങ്ങളെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ പറക്കോട് ബ്ലോക്കിലെ കലഞ്ഞൂർ പഞ്ചായത്ത് പുതിയ പദ്ധതിയുമായി രംഗത്ത്. കാട്ടുമൃഗങ്ങളുടെ ശല്യം കൂടി വന്നപ്പോഴാണ് പരിഹാരമാർഗമെന്ന നിലയിൽ കൃഷിയിടങ്ങൾക്ക് ചുറ്റും മെറ്റൽ ഷീറ്റ് ഉപയോഗിച്ച് വേലി നിർമ്മിക്കാൻ തീരുമാനമായത്. മൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് കാർഷിക വിളകളെ സംരക്ഷിക്കുന്നതിനായി പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിക്ക് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചു.
കർഷകർക്ക് ഇതിനായി ടിൻഷീറ്റ് 75% സബ്സിഡി നിരക്കിൽ ബ്ലോക്ക് ഓഫീസിൽ നിന്ന് നൽകും. എൺപത്തിനാല് ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. ഗ്രാമസഭകളിലൂടെ ലഭിച്ച ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ച് 75% തുക പഞ്ചായത്തും 25% കർഷകന്റെ വിഹിതവും ചേർത്താണ് പദ്ധതി നടപ്പിലാക്കുക. കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്

ത്യതിയുടെ അടിസ്ഥാനത്തിലായിരിക്കും സബ്സിഡി നൽകുക.കർഷകർ ഇത് പ്രാദേശിക മാർഗം ഉപയോഗിച്ച് സ്ഥാപിക്കും.

അടുത്തമാസം പദ്ധതി ആരംഭിക്കും. ഗ്രാമസഭകളിലൂടെ കർഷകർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും. ഒരുകാലത്ത് ജില്ലയിൽ കലഞ്ഞൂർ പഞ്ചായത്തിലായിരുന്നു കിഴങ്ങ് വർഗങ്ങൾ ഏറ്റവും കൂടുതൽ കൃഷി ചെയ്തിരുന്നത്. കാട്ടുപന്നികളുടെ ആക്രമണം മൂലം കാർഷിക വിളകൾക്ക് നാശമുണ്ടായതോട് കൂടി വൻ സാമ്പത്തിക ബാധ്യതയാണ് കർഷകർക്ക് നേരിടേണ്ടി വന്നത്. ഇതിന് പരിഹാരം കാണുന്നതിനായാണ് പഞ്ചായത്തിനെ സമീപിച്ചിരിക്കുന്നത്. കാട്ടുമൃഗങ്ങളുടെ ശല്യം ഏറെയുള്ള കലഞ്ഞൂർ , കൊടുമൺ, ഏഴംകുളം , ഏനാദിമംഗലം തുടങ്ങി നാല് പഞ്ചായത്തുകളെ ഉൾപ്പെടുത്തി പദ്ധതി ആദ്യം തയ്യാറാക്കിയെങ്കിലും പദ്ധതിക്ക് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകിയില്ല. നിലവിൽ കലഞ്ഞൂർ പഞ്ചായത്തിൽ പദ്ധതി നടപ്പാക്കിയ ശേഷം അതിന്റെ പ്രായോഗികതയും പരിസ്ഥിതി ആഘാതത്തെക്കുറിച്ചും വിദഗ്ദ്ധ പഠനം നടത്തിയ ശേഷം മറ്റ് പഞ്ചായത്തുകളിൽ നടപ്പിലാക്കിയാൽ മതിയെന്നാണ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സൗദ രാജൻ പറഞ്ഞു.

(പി എൻപി 1845/18)

## മികച്ച മത്സ്യകർഷകനുള്ള അവാർഡ് ഇന്ന് (10)സമ്മാനിക്കും

പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയ പ്രദീപ് വലയിലാക്കിയത് ഫിഷറീസ് വകുപ്പിന്റെ മികച്ച മത്സ്യകർഷകൻ അവാർഡ്. ദേശീയ മത്സ്യ കർഷകദിനാഘോഷത്തോട് അനുബന്ധിച്ച് ഫിഷറീസ് വകുപ്പ് നൽകുന്ന അവാർഡിനാണ് പ്രദീപ് അർഹനായത്. പത്തനംതിട്ട കടപ്ര വളഞ്ഞവട്ടം സ്വദേശിയാണ് അൻപത്തിയൊന്നുകാരനായ പ്രദീപ് ജേക്കബ് അലക്സാണ്ടർ. ഇന്ന് കൊല്ലം സിഎസ്ഐ കൺവൻഷൻ സെന്ററിൽ നടക്കുന്ന ദേശീയ മത്സ്യകർഷക ദിനാഘോഷത്തിൽ വച്ച് പ്രദീപ് ജേക്കബ് അലക്സാണ്ടറിന് മന്ത്രി മേഴ്സിക്കുട്ടിയമ്മ അവാർഡ് സമ്മാനിക്കും.

ചെറുപ്പം മുതൽ തന്നെ മത്സ്യം വളർത്തലിൽ പ്രദീപിന് താത്പര്യമുണ്ടായിരുന്നുവെങ്കിലും ജീവിതം കരുപ്പിടിപ്പിക്കാൻ സൗദിയിലേക്ക് പോകേണ്ടി വന്നപ്പോൾ അത് ഉപേക്ഷിക്കേണ്ടി വന്നു. 2013 ൽ സൗദിയിൽ ജോലി അവസാനിപ്പിച്ച് തിരിച്ചെത്തിയപ്പോഴും മത്സ്യം വളർത്തൽ എന്ന ആഗ്രഹം പ്രദീപിനെ വിട്ട് പോയില്ല. അങ്ങനെയാണ് പ്രദീപ് പൂർണമായും മത്സ്യകൃഷിയിലേക്ക് തിരിയുന്നത്. പോളയും , പായലും നിറഞ്ഞ് വീടിനോട് ചേർന്നുണ്ടായിരുന്ന പഴയ കുളം വൃത്തിയാക്കി വശങ്ങളിൽ കല്ല് കെട്ടി മീൻ കുഞ്ഞുങ്ങളെ വളർത്തി. ആദ്യമൊക്കെ ഒരു ഹോബി മാത്രമായിരുന്ന കൃഷിയിലൂടെ ലാഭമുണ്ടായി തുടങ്ങിയപ്പോഴാണ് ഇതിനെ മികച്ച ഒരു വരുമാനമാർഗമാക്കി പ്രദീപ് മാറ്റിയത്. കാർപ്പ്, തിലോപ്പിയ, രോഹു, കട്ല , ഗ്രാസ്കോർപ്പ്, മൃഗാൽ തുടങ്ങിയ ഇനത്തിലുള്ള മീനുകളാണ് പ്രദീപിന്റെ കൃഷിയിലേറെയും. പൂർണ വളർച്ചയെത്താൻ ഇവയൊക്കെ അഞ്ച് വർഷമെടുക്കുമെങ്കിലും ആറുമാസം കഴിയുമ്പോൾ മുതൽ ഇവയെ വിൽക്കാൻ സാധിക്കും. ഏകദേശം ഒരു കിലോയോളം ഭാരമായിരിക്കുമുണ്ടാവുക. മറ്റേത് കൃഷിയിൽ നിന്നും ഉണ്ടാകുന്നതിനേക്കാൾ ലാഭം മത്സ്യകൃഷിയിലൂടെ ഉണ്ടാകുമെന്ന് പ്രദീപും തലകുലുക്കി സമ്മതിക്കുന്നു. മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും തീറ്റയ്ക്കും നാമമാത്രമായ ചെലവേ ഉണ്ടാകുന്നുള്ളൂ. മത്സ്യകൃഷിക്ക് പ്രത്യേക സീസൺ ഇല്ലാത്തത് കൊണ്ട് ഏത് സമയത്തും ഇതിൽ നിന്ന് ലാഭം നേടാം. തവിട്, പിണ്ണാക്ക്, എന്നിവയാണ് മത്സ്യങ്ങൾക്ക് പ്രധാനമായും നൽകുന്ന തീറ്റ. കൂടാതെ, ഫിഷ് ഫീഡും ഇതിനോടൊപ്പം നൽകുന്നു. ഗൾഫ് ജോലിയേക്കാളും മനസിന് സംതൃപ്തിയും സന്തോഷവും നൽകുന്നത് മത്സ്യകൃഷി ആണെന്ന് പ്രദീപ് പറയുന്നു. മത്സ്യകൃഷിക്കൊപ്പം തന്നെ പുരയിടത്തിൽ സ്വന്തമായി ഒരു പച്ചക്കറി തോട്ടവും പ്രദീപിനുണ്ട്. 2014-15 ൽ ജില്ലയിലെ മികച്ച മത്സ്യകർഷകനുള്ള അ

വാർഡും, തിരുവല്ല ബ്ലോക്കിലെ സമ്മിശ്രകൃഷിക്കുള്ള ആത്മ അവാർഡും ഇതിന് മുൻപ് പ്രദീപിന് ലഭിച്ചിട്ടുണ്ട്.
മത്സ്യകൃഷിക്കൊപ്പം ഇനി അലങ്കാര മത്സ്യങ്ങളുടെ കൃഷിയും ആരംഭിക്കണമെന്നാണ് പ്രദീപിന്റെ ആഗ്രഹം. എല്ലാത്തിനും പിന്തുണയുമായി പ്രദീപിനൊപ്പം ഭാര്യ ബിന്ദുവും, മക്കൾ രഞ്ജിത്തും, രേഷ്മയുമുണ്ട്. (പിഎൻപി 1846/18)

## സോളാർ വൈദ്യുതി പദ്ധതിക്ക് ഇരവിപേരൂരിൽ തുടക്കം

സോളാർ വൈദ്യുതി സ്വന്തമായി ഉൽപാദിപ്പിക്കാനുള്ള ഇരവിപേരൂർ പഞ്ചായത്തിന്റെ പദ്ധതിക്കു തുടക്കമായി. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഗീത അനിൽകുമാർ വള്ളംകുളം ഗ്രാമവിജ്ഞാന കേന്ദ്രത്തിൽ നടന്ന യോഗത്തിൽ പദ്ധതി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൻ രാജീവ് ആധ്യക്ഷത വഹിച്ചു.
കെഎസ് ഈ ബി റൂഫ് ടോപ് സോളാർ എനർജി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഖാസിം കെ എസ് ഇ ബിയുടെ സൗരോർജ പദ്ധതികൾ വിശദീകരിച്ചു. അനർട്ട് ഡയറക്ടർ ഹരികുമാർ വിവിധ തരത്തിൽ ഉള്ള സോളാർ പാനൽ സിസ്റ്റങ്ങളെ കുറിച്ചും ഗുണഫലങ്ങളെക്കുറിച്ചും സംസാരിച്ചു. നിക്ഷേപക കമ്പനി പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. മേൽക്കൂരയിലും നിരപ്പായ പ്രതലത്തിലും തറയിലും പടികളിലുമൊക്കെ സോളാർ പാനൽ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ ഇവർ വ്യക്തമാക്കി.

50 കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിടുന്നത്. പഞ്ചായത്തിലുള്ള 2000 സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകളുടേയോ സ്ഥാപനങ്ങളുടേയോ മുകളിൽ നിക്ഷേപക കമ്പനി സോളാർ പാനൽ സ്ഥാപിക്കുകയും അതിൽ വൈദ്യുത ഉത്പാദനം നടത്തുകയും ചെയ്യും. ഇതിലൂടെ ആ വീടിനോ സ്ഥാപനത്തിനോ വൈദ്യുതി തടസമില്ലാതെ ലഭിക്കും. ബാക്കി വരുന്ന വൈദ്യുതി കെ.എസ്.ഇ.ബിക്ക് വിൽക്കുന്നതിനാണ് പദ്ധതി. ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ ആനുപാതിക വിഹിതമായിരിക്കും കെട്ടിട ഉടമയ്ക്ക് ലഭിക്കുക. സ്ഥലങ്ങളിൽ മുൻകൂർ പരിശോധന നിക്ഷേപക സംഘം നടത്തിയതിന് ശേഷമായിരിക്കും തുടർ നടപടികൾ. പഞ്ചായത്ത് സെക്രട്ടറി സുജാകുമാരി, അനർട്ട് പ്രോഗ്രാം ഓഫീസർ ചന്ദ്രബോസ്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1847/18)

## പനി: 483 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (9) 483 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ എട്ട് പേരിൽ നാല് പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. റാന്നിയിൽ ഒരാൾക്ക് ഹെപ്പറ്റൈറ്റിസ് ബിയും ഓതറയിൽ ഒരാൾക്ക് എലിപ്പനിയും സ്ഥിരീകരിച്ചു. ആറ് പേർക്ക് ചിക്കൻപോക്സ് സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 67 പേർ ചികിത്സ തേടി. പത്തനംതിട്ട നഗരസഭ, വല്ലന, കാഞ്ഞീറ്റുകര, മല്ലപ്പള്ളി എന്നിവിടങ്ങിലാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്.

(പിഎൻപി 1848/18)

## കെ-ടെറ്റ് സർട്ടിഫിക്കറ്റ്

പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ 2017 ഡിസംബറിൽ നടത്തിയ കെ-ടെറ്റ് പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിയിട്ടുണ്ട്. വിജയികൾ ഹാൾടിക്കറ്റ് ഹാജരാക്കി സർട്ടിഫിക്കറ്റ് കൈപ്പറ്റണം.

(പിഎൻപി 1849/18)

## ശബരിമല തീർഥാടനം :
## പോലീസിന്റെ ആദ്യഘട്ട സുരക്ഷാ പരിശോധന പൂർത്തിയായി

അടുത്ത ശബരിമല തീർഥാടന കാലത്ത് സുരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള പോലീസിന്റെ ആദ്യഘട്ട പരിശോധന ജില്ലാ പോലീസ് മേധാവി ടി.നാരായണന്റെ നേതൃത്വത്തിൽ പൂർത്തിയായി. ജൂലൈ മൂന്ന്, ഏഴ് തീയതികളിലാണ് ളാഹ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തിയത്. അപകടരഹിതമായ യാത്രയ്ക്കും സുഗമമായ ദർശനത്തിനും തീർഥാടകരെ സഹായിക്കത്തവിധമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പോലീസ് മുൻഗണന നൽകുന്നത്. തീർഥാടകർ കൂടുതലായി ഒത്തുകൂടുന്ന സ്ഥലങ്ങൾ, പാർക്കിംഗ് ഗ്രൗണ്ടുകൾ, മകരജ്യോതി ദർശനത്തിനുള്ള പോയിന്റുകൾ എന്നിവിടങ്ങളിലെ നിലവിലുള്ള സുരക്ഷാ ക്രമീകരണങ്ങൾ പോലീസ് സംഘം വിലയിരുത്തുകയും അധികമായി ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങളെപ്പറ്റിയുള്ള വിശദമായ റിപ്പോർട്ട് തയാറാക്കുകയും ചെയ്തു. ഈ റിപ്പോർട്ട് അടിയന്തര നടപടികൾക്കായി തിരുവിതാംകൂർ ദേവസ്വംബോർഡിനും മറ്റ് ബന്ധപ്പെട്ട വകുപ്പുകൾക്കും ഉടൻ നൽകും.

മരക്കൂട്ടത്തുള്ള ക്യൂ കോംപ്ലക്സിൽ തീർഥാടകരെ നിയന്ത്രിക്കാൻ കഴിയുന്നവിധം വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള വിശദമായ ശുപാർശ പോലീസ് തയാറാക്കി തുടങ്ങി. സന്നിധാനത്ത് വടക്കേനടയിലുള്ള തിരക്ക് നിയന്ത്രിക്കുന്നതിന് പുതിയ ഫ്ളൈ ഓവർ നിർമിക്കുന്നതിനുള്ള ശുപാർശ ദേവസ്വംബോർഡിന് നൽകിയിട്ടുണ്ട്. ഈ വർഷത്തെ മണ്ഡല മകരവിളക്ക് തീർഥാടന കാലം തീർഥാടക സൗഹൃദമാക്കുന്നതിന് വിപുലമായ ക്രമീകരണങ്ങളാണ് പോലീസ് നേരത്തേതന്നെ ആരംഭിച്ചിട്ടുള്ളത്. ആദ്യഘട്ട പരിശോധനയിൽ ജില്ലാ പോലീസ് മേധാവിക്കൊപ്പം ഡിവൈഎസ്പിമാരായ എസ്.റഫീക്ക്, കെ. എ.വിദ്യാധരൻ, എ.ആർ. ക്യാമ്പ് അസിസ്റ്റന്റ് കമാൻഡന്റ് കെ.സുരേഷ്, പമ്പ സിഐ. കെ. എസ്.വിജയൻ, പോലീസിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരുമുണ്ടായിരുന്നു.

(പിഎൻപി 1850/18)

## സിറ്റിംഗ് മാറ്റി

നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി നാളെ (11ന്) കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന യോഗവും തുടർന്ന് നടത്താനിരുന്ന സന്ദർശനവും മാറ്റിവച്ചു. (പിഎൻപി 1851/18)

## ഐടിഐ പ്രവേശനം

ചെന്നീർക്കര ഗവൺമെന്റ് ഐടിഐയിൽ 2018ലെ അഡ്മിഷന് പരിഗണിക്കുന്നതിന് പെൺകുട്ടികൾ, പട്ടികവർഗം, ലത്തീൻ കത്തോലിക്കർ, അംഗപരിമിതർ, അനാഥർ, സ്കൗട്ട് വിഭാഗത്തിൽപ്പെടുന്ന എല്ലാ അപേക്ഷകരും ജനറൽ വിഭാഗത്തിൽ 235ന് മുകളിൽ ഇൻഡക്സ് മാർക്കുള്ളവരും പട്ടികജാതി പിന്നാക്ക ക്രിസ്ത്യൻ വിഭാഗങ്ങളിൽ 210ന് മുകളിൽ ഇൻഡക്സ് മാർക്ക് ഉള്ളവരും ഈഴവ, പിന്നാക്ക വിഭാഗങ്ങളിൽ 230ന് മേൽ ഇൻഡക്സ് മാർക്ക് ഉള്ളവരും മുസ്ലിം വിഭാഗത്തിൽ 205ന് മേൽ ഇൻഡക്സ് മാർക്ക് ഉള്ളവരും ഈ മാസം 12ന് രാവിലെ ഒമ്പതിന് ഐടിഐയിൽ നടക്കുന്ന കൗൺസിലിംഗിൽ പങ്കെടുക്കണം. ഈ കൗൺസിലിംഗിൽ പങ്കെടുക്കാത്തവരെ പിന്നീട് പരിഗണിക്കില്ല. ഫോൺ: 0468 2258710. (പിഎൻപി 1852/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ശബരിമല തീർഥാടന കാലത്ത് സുരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള പോലീസിന്റെ ആദ്യഘട്ട പരിശോധന ജില്ലാ പോലീസ് മേധാവി ടി.നാരായണന്റെ നേതൃത്വത്തിൽ ശബരിമല പാതയിൽ നടക്കുന്നു.

2) അടൂർ നഗരസഭയുടെ ഔഷധസസ്യ പാർക്ക് പദ്ധതിയുടെ ഉദ്ഘാടനം നഗരസഭാധ്യക്ഷ ഷൈനി ജോസ് നിർവഹിക്കുന്നു.
3) കോഴഞ്ചേരി ക്ഷീരസഹകരണസംഘത്തിൽ പാൽ ഗുണമേന്മ ബോധവൽക്കരണ പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാംമോഹൻ ഉദ്ഘാടനം ചെയ്യുന്നു.
4)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്